# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 510

12.06.2012 ൽ മറുപടിയ്ക്ക്

## നെൽകൃഷിക്ക് വേണ്ടി പലിശരഹിത വായ്പകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) നെൽകൃഷിക്ക വേണ്ടി പലിശരഹിത വായ്പകൾ വിതരണം ചെയ്യുന്നതിന് സഹകരണ ബാങ്കുകൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്തെ നെൽകർഷകർ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിൽ നിന്നും എടുത്ത വായ്പയുടെ പലിശ സർക്കാർ വഹിക്കുന്നതിന് തീരുമാനിക്കുകയും വായ്പാ കാലാവധിക്കുള്ളിൽ മുതൽ തുക അടയ്ക്കുന്ന കർഷകർക്ക് പലിശ രഹിത വായ്പ നൽകി വരുകയും ചെയ്യുന്നു. ഇപ്രകാരം സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ നെൽകർഷകർക്ക് നൽകുന്ന വായ്പയുടെ 7% നിരക്കിലുള്ള പലിശ ബാധ്യത സർക്കാർ വഹിക്കുന്നു. ടി പലിശ ബാദ്ധ്യത റീ-ഇംപേഴ്സ് ചെയ്ത് സഹകരണ ബാങ്കുകൾക്ക് നൽകുകയും ചെയ്യുന്നു. |
| (ബി) വിളവെടുപ്പ് സുഗമമാക്കുന്നതിന് നെൽകർഷകർക്ക് സഹകരണ ബാങ്കുകൾ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) വിളവെടുപ്പ് സുഗമമാക്കുന്നതിന് സഹകരണ സംഘങ്ങൾ/ബാങ്കുകൾ കൊയ്ത്ത് മെതി യന്ത്രങ്ങൾ വാങ്ങി, നെൽകർഷകർ, പാടശേഖര സമിതികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അപ്രകാരം കൊയ്ത്ത് മെതി യന്ത്രങ്ങൾ വാങ്ങുന്ന സംഘങ്ങൾ/ബാങ്കുകൾക്ക് യന്ത്രവിലയുടെ 20% മോ പരമാവധി 4 ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക ഇൻസെന്റീവായി നൽകി വരുന്നുണ്ട്. |

(സി) കൂടുതൽ കൊയ്ത്തു യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്

സെക്ഷൻ ഓഫീസർ